പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 4815 — 27/06/2014- ൽ മറുപടിക്ക്

## കല്ല്യാശ്ശേരി മണ്ഡലത്തിൽ കുളമ്പുരോഗം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. റ്റി. വി.രാജേഷ്: | ശ്രീ. കെ.പി. മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും<br>അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി) |
| എ) കുളമ്പുരോഗം ബാധിച്ച് കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി മണ്ഡലത്തിൽ എത്ര പശുക്കൾ/കന്നുകാലികൾ ചത്തുപോയിട്ടുണ്ട്; | എ) കുളമ്പുരോഗം ബാധിച്ച് കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി മണ്ഡലത്തിൽ **24** ഉരുക്കൾ **(6** പശുക്കൾ, **4** കിടാരികൾ, **14** കന്നുകുട്ടികൾ**)** ചത്തുപോയിട്ടുണ്ട്. |
| ബി) കുളമ്പുരോഗം പടരാതിരിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; | ബി) കുളമ്പുരോഗം പടരാതിരിക്കുന്നതിന് മൃഗസംരക്ഷണ വകുപ്പ് സംസ്ഥാന തലത്തിൽ സ്വീകരിച്ച പ്രതിരോധ നടപടികൾ അനുബന്ധമായി ചേർത്തിരിക്കുന്നു. |
| സി) ചത്ത പശുക്കളുടെ /കന്നുകാലികളുടെ ഉടമസ്ഥർക്ക് എന്തെല്ലാം സഹായങ്ങളാണ് നൽകിയിട്ടുള്ളത് ; വിശദാംശം നൽകുമോ? | സി) കുളമ്പുരോഗം ബാധിച്ച് മരണപ്പെട്ട പശുക്കൾക്ക് 20,000/- രൂപ വീതവും, കിടാരികൾക്ക് 12,000/- രൂപ വീതവും, കന്നുകുട്ടികൾക്ക് 7,000/- രൂപ വീതവും നഷ്ടപരിഹാരമായി നൽകി വരുന്നു. നാളിതുവരെ വിവിധ ജില്ലകളിൽ 2,23,63,000/- രൂപ നഷ്ടപരിഹാരമായി നൽകിയിട്ടുണ്ട്. |

(ഒപ്പ്)

സെക്ഷൻ ഓഫീസർ

അനുബന്ധം :

മൃഗസംരക്ഷണവകുപ്പ് സംസ്ഥാനതലത്തിൽ സ്വീകരിച്ച പ്രതിരോധ നടപടികൾ

1. പ്രതിരോധ നടപടികളുടെ ഭാഗമായി രോഗബാധിത പ്രദേശത്തിനു ചുറ്റും കുത്തിവയ്പ് (റിങ് വാക്സിനേഷൻ) നടത്തുകയും രോഗം ബാധിച്ച ഉരുക്കൾക്ക് മൃഗസംരക്ഷണവകുപ്പ് സൗജന്യ ചികിത്സ നൽകുകയും ചെയ്തു. ചികിത്സക്കാവശ്യമായ മരുന്നുകൾ,പരിസര ശുചീകരണത്തിന് ആവശ്യമായ അണുനാശിനികൾ എന്നിവ വാങ്ങുന്നതിന് വേണ്ടി മൃഗസംരക്ഷണവകുപ്പ് 25,00,000/-രൂപ ജില്ലകളിലുള്ള ഫണ്ടുകൾക്ക് പുറമെ അധിക ഫണ്ട് ആയി ഗോരക്ഷ പദ്ധതിയിൽ നിന്ന് നൽകിയിട്ടുണ്ട്.മരുന്നും അണുനാശിനികളും ജില്ലാ തലത്തിൽ വാങ്ങി ഉപയോഗിച്ചിട്ടുണ്ട്. കൂടാതെ 52 ലക്ഷം രൂപയുടെ അത്യാവശ്യ മരുന്നുകൾ വാങ്ങി വിവിധ ജില്ലകൾക്ക് വിതരണം ചെയ്തു.

2. എല്ലാ ജില്ലകളിലും കർഷകർക്ക് ബോധവൽക്കരണ സെമിനാറുകൾ നടത്തി കുളമ്പുരോഗത്തെക്കുറിച്ചും പ്രതിരോധമാർഗ്ഗങ്ങളെക്കുറിച്ചും അവബോധം സൃഷ്ടിച്ചു.

3. SRDDL ബാംഗ്ലൂർ, PD,FMD മുക്തേശ്വർ എന്നീവിടങ്ങളിലെ വിദഗ്ദ്ധ സംഘം കേരളത്തിലെ വിവിധ ജില്ലകൾ സന്ദർശനം നടത്തി സാമ്പിളുകൾ ശേഖരിച്ച് വിശദമായ റിപ്പോർട്ട് മൃഗസംരക്ഷണ വകുപ്പ് ഡയറക്ടർക്ക് സമർപ്പിച്ചിട്ടുണ്ട്. കർണ്ണാടക സംസ്ഥാനത്ത് ഉണ്ടായിട്ടുള്ള കുളമ്പുരോഗ വൈറസിന്റെ അതേ ജനതിക ഘടനയുള്ള 'O' വിഭാഗത്തിൽപ്പെട്ട വൈറസ് തന്നെയാണ് കേരളത്തിലും കുളമ്പുരോഗം ഉണ്ടാക്കിയിട്ടുള്ളത്.

4. കുളമ്പുരോഗത്തിനെതിരെ സംസ്ഥാനവ്യാപകമായി 2 റൗണ്ട് വാക്സിനേഷൻ 6 മാസ ഇടവേളയിൽ നടത്തുകയും 2 റൗണ്ടിലും കൂടി 23 ലക്ഷം കുത്തിവയ്പ്പ് നടത്തുകയും ചെയ്തു. ഇതിന്റെ ഫലമായി കുളമ്പുരോഗം പൂർണ്ണമായും നിയന്ത്രണവിധേയമായി.

5. കുളമ്പുരോഗം നിയന്ത്രിക്കുന്നതിന്റെ ഭാഗമായി മൃഗസംരക്ഷണവകുപ്പിന്റെ എല്ലാ ചെക്ക് പോസ്റ്റുകളും താല്ക്കാലികമായി അടച്ചിടുകയുണ്ടായി. അതിനുശേഷം നിബന്ധനയോടുകൂടി കന്നുകാലികളെ കടത്തിവിടുകയും പരിശോധന കർശനമാക്കുകയും ചെയ്തു. ഇത് കുളമ്പുരോഗം നിയന്ത്രിക്കുന്നതിന് സഹായകരമായിരുന്നു.

6. വിവിധ ജില്ലകളെ 4 സോണുകളായി തിരിച്ച് വകുപ്പിലെ 4 അഡീഷണൽ ഡയറക്ടർമാർക്ക് ചാർജ്ജ് നൽകുകയും അടിയന്തിര സോണൽ മീറ്റിംഗുകൾ കൂടി കുളമ്പുരോഗം നിയന്ത്രിക്കുന്നതിന് വേണ്ടി നടപടികൾ സ്വീകരിക്കുകയും ചെയ്തു.

7. എല്ലാ ജില്ലകളിലും ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ ക്ഷീരവികസനവകുപ്പ്, ക്ഷീര സഹകരണസംഘം, വനം വകുപ്പ്, പോലീസ്, മോട്ടോർ വാഹനവകുപ്പ്, തദ്ദേശ സ്വയംഭരണം, മിൽമ എന്നിവരുടെ യോഗം കൂടി പ്രശ്നങ്ങളെ അവലോകനം ചെയ്തു.

8. കുളമ്പുരോഗം ബാധിച്ച് മരണപ്പെട്ട പശുക്കൾക്ക് 20,000/- രൂപ വീതവും കിടാരികൾക്ക് 12,000/- രൂപ വീതവും കന്നുകുട്ടികൾക്ക് 7,000/-രൂപ വീതം നഷ്ടപരിഹാരവും, രോഗംബാധിച്ച ഉരുക്കൾക്ക് ഓരോന്നിനും 200 കി.ഗ്രാം (4 ചാക്ക്) കാലിത്തീറ്റയും സൗജന്യമായി നൽകിവരുന്നു. നാളിതുവരെ വിവിധ ജില്ലകളിൽ 2,23,63,000/- രൂപ മരണപ്പെട്ട ഉരുക്കൾക്ക് നഷ്ടപരിഹാരമായി നൽകിയിട്ടുണ്ട്. രോഗം ബാധിച്ച ഉരുക്കൾക്കുള്ള സൗജന്യകാലീത്തീറ്റ വിതരണം നടന്നുവരുന്നു.51902 ചാക്ക് കാലിത്തീറ്റ വിതരണം ചെയ്തു.

സെക്ഷൻ ഓഫീസർ